


പി. സി. കുര്യാക്കോസ്


# ചാവറയച്ചന്റെ സാമീപ്യം അറിഞ്ഞ പെണ്ണാപ്പറമ്പിൽ കുടുംബം

മനസുരുകി പ്രാർഥിച്ചതിന്റെ ഫലം പെണ്ണാപ്പറമ്പിൽ കുടുംബത്തിനു ലഭിച്ചു. പ്രാർഥന ദൈവം കേട്ടു. മടങ്ങിയിരുന്ന കാൽപ്പത്തികൾ ഒരു ദിവസം നിവർന്നു.

ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ അനുഭവം നേരിട്ടറിയാൻ കോഴിക്കോട്, കൂടരഞ്ഞി പെണ്ണാപ്പറമ്പിൽ ജോസഫിന് (കുഞ്ഞുമോൻ) കഴിഞ്ഞു. ആ അനുഭവം പെണ്ണാപ്പറമ്പിൽ കുടുംബത്തിന്റെ മൊത്തം അനുഭവമായി.

പെണ്ണാപ്പറമ്പിൽ മത്തായി-അന്നക്കുട്ടി ദമ്പതികളുടെ മകനായി 1953 ഓഗസ്റ്റ് 15-നാണ് കുഞ്ഞുമോൻ ജനിച്ചത്. ജന്മനാ തന്നെ രണ്ടു കാലുകളുടെയും പകുതി മടങ്ങിയാണ് ഇരുന്നത്. നടക്കുവാൻ നന്നേ ബുദ്ധിമുട്ടിയിരുന്നു. മത്തായിയുടെ ആദ്യ ഭാര്യ മരിച്ചിരുന്നു. രണ്ടാമത്തെ ഭാര്യയിലെ മൂത്ത മകനായിരുന്നു ജോസഫ്. മൂത്ത മകന്റെ കാലുകളുടെ വൈകല്യം ആ ദമ്പതികളെ വല്ലാതെ വിഷമിപ്പിച്ചു. പരസഹായമില്ലാതെ കുഞ്ഞുമോന് നടക്കാൻ വയ്യാത്ത അവസ്ഥ.മാതാപിതാക്കൾ ദിവസവും മകനുവേണ്ടി പ്രാർഥിച്ചു. അങ്ങനെയിരിക്കെ മത്തായിയുടെ കുടുംബത്തിൽപ്പെട്ട ഏലിയാമ്മ ഇരിങ്ങാലക്കുടയിൽ മലയാളം വിദ്വാൻ പഠിക്കാൻ പോയി. ഏലിയാമ്മ അവധിക്ക് വീട്ടിൽ വന്നപ്പോൾ ചാവറയച്ചന്റെ ഒരു രൂപവും നൊവേന പുസ്തകവും പെണ്ണാപ്പറമ്പിൽ കുടുംബത്തിനു നൽകി. മത്തായിയും അന്നക്കുട്ടിയും മറ്റു കുടുംബാംഗങ്ങളും ദിവസവും ചാവറയച്ചന്റെ നൊവേന ചൊല്ലുവാൻ തുടങ്ങി. ദിവസവും സന്ധ്യാപ്രാർഥനയ്ക്കു ശേഷമാണ് നൊവേന കുടുംബാംഗങ്ങൾ എല്ലാവരും കൂടി ചൊല്ലിയിരുന്നത്. ഈ സമയം ആറു വയസുള്ള കുഞ്ഞുമോനും പ്രാർഥനയിൽ കൂടും. കുടുംബാംഗങ്ങളുടെ പ്രാർഥനയോടൊപ്പം കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ അന്നത്തെ വികാരിയായിരുന്ന ബർത്തലോമിയച്ചന്റെ നേതൃത്വത്തിലും കുഞ്ഞുമോനുവേണ്ടി ദിവസവും പ്രാർഥിച്ചിരുന്നു.

കുടുംബാംഗങ്ങളുടെയും നാട്ടുകാരുടെയും പ്രാർഥന ദൈവം കേട്ടുവെന്നതിന്റെ തെളിവാണ് സ്കൂളിൽ പോകവേ ഏലിയാസച്ചനിലൂടെ ദൈവം കുഞ്ഞുമോനിൽ അദ്ഭുതം പ്രവർത്തിച്ചത്.



പെണ്ണാപ്പറമ്പിൽ
ജോസഫ് (കുഞ്ഞുമോൻ)

പതിവുപോലെ കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് യു.പി. സ്കൂളിലേക്ക് ചേച്ചി അന്നക്കുട്ടി, മറ്റൊരു സഹോദരി മേരി എന്നിവർക്കൊപ്പം കുഞ്ഞുമോൻ പോവുകയായിരുന്നു. മിക്ക ദിവസവും അന്നക്കുട്ടി കുഞ്ഞുമോനെ എടുക്കും. മേരി പുസ്തകക്കെട്ടുകൾ ചുമക്കും. അങ്ങനെ പതിവുപോലെ രാവിലെ സ്കൂളിലേക്കുള്ള യാത്രാമധ്യേ അന്നക്കുട്ടി കുഞ്ഞുമോനെ എടുത്തിരുന്നു. എന്നാൽ, തങ്ങളുടെ തന്നെ സ്ഥലമായ പനയ്ക്കച്ചാലിൽ വച്ച് അൽപ്പനേരം കുഞ്ഞുമോനെ നടത്തിച്ചു. വലിയ പാറക്കെട്ടുകൾ ഉള്ളിടമാണ് പനയ്ക്കച്ചാൽ. പാറയുടെ മുകളിലൂടെ കുഞ്ഞുമോൻ സാവധാനം നടക്കും. അന്ന് അൽപ്പം നടന്നു കഴിഞ്ഞപ്പോൾ കുഞ്ഞുമോന്റെ കാല് വേദനിക്കാൻ തുടങ്ങി. വേദന കാരണം കുട്ടി അലമുറയിട്ടുകരഞ്ഞു. ഈ സമയം സ്വർഗസ്ഥനായ പിതാവേ.... എന്നുള്ള പ്രാർഥനയും ഏലിയാസച്ചന്റെ നൊവേനയും ചെല്ലുവാൻ അന്നക്കുട്ടി കുഞ്ഞുമോനോട് പറഞ്ഞു. അന്നക്കുട്ടി പ്രാർഥന ചൊല്ലുമ്പോഴും കുഞ്ഞുമോൻ കരഞ്ഞുകൊണ്ടിരുന്നു. എന്നാൽ, സ്വർഗസ്ഥനായ പിതാവേ..... എന്നുള്ള പ്രാർഥന അഞ്ചാംതവണ പൂർത്തിയാക്കുമ്പോഴേക്കും മടങ്ങിയിരുന്ന കുഞ്ഞുമോന്റെ വലതുകാൽ പതുക്കെ നിവർന്നു തുടങ്ങി. നിവരുന്ന കാലു കണ്ട് അന്നക്കുട്ടിയും കുഞ്ഞുമോനും ഒരു നിമിഷം അദ്ഭുതസ്തബ്ധരായി. കണ്ണുകൾ നിറഞ്ഞുകവിഞ്ഞു. സന്തോഷത്തിന്റെ ആനന്ദാശ്രുക്കൾ. പിന്നെ ഒന്നും ചിന്തിച്ചില്ല.... അന്നക്കുട്ടിയും കുഞ്ഞുമോനും സ്കൂളിലേക്ക് പാഞ്ഞു.

ഒരു നിമിഷം ഇവരുടെ സഹപാഠികൾ പകച്ചുനിന്നു. എല്ലാവരും കുഞ്ഞുമോനെ സൂക്ഷ്മമായി നോക്കി. എന്തു സംഭവിച്ചു.? ഇന്നലെ വരെ മടങ്ങിയ കാലുകളുമായി നിരങ്ങിവന്നിരുന്ന പയ്യൻ നിവർന്നകാലിൽ ഉഷാറായി നടന്നുവരുന്നു. ക്ലാസ് ടീച്ചർ ഉറമ്പേനിരപ്പേൽ അച്ചാമ്മയ്ക്കും വിശ്വസിക്കാനായില്ല.പിന്നെ സംഭവിച്ചതെല്ലാം ഇരുവരും

അധ്യാപകരോടും കുട്ടികളോടും വിവരിച്ചു. സന്തോഷസൂചകമായി അന്ന് സ്കൂളിന് അവധി നൽകി.

വീട്ടിലെത്തിയപ്പോൾ എല്ലാവർക്കും സന്തോഷം. ചാവറയച്ചന് കുടുംബാംഗങ്ങളും നാട്ടുകാരും ബന്ധുക്കളും എല്ലാവരും ചേർന്ന് നന്ദി പറഞ്ഞു. പ്രത്യേക പ്രാർഥനയും നടത്തി.

വലതുകാൽ നിവർന്ന് മൂന്നു വർഷത്തിനുശേഷം അദ്ഭുതം നടന്ന പനയ്ക്കച്ചാലിൽ വച്ചു തന്നെ ഇടതു കാലും നിവർന്നു. ഈ കാലിന്റെ വിരലുകളാണ് നിവർന്നത്. ചേട്ടന്റെ വീട്ടിലേക്കു പോകുമ്പോഴാണ് രണ്ടാമത്തെ അത്ഭുതം സംഭവിച്ചത്. ഉപ്പൂറ്റി നിലത്ത് മുട്ടിയിരുന്നില്ല. ഈ കാലിന് അൽപ്പം നീളക്കുറവായിരുന്നു. അതിനാൽ ഉപ്പൂറ്റി ഉയർത്തി നടന്നെങ്കിലേ കുഞ്ഞുമോന് നന്നായി നടക്കുവാൻ കഴിഞ്ഞിരുന്നുള്ളു.

രണ്ടു കാലുകളും സ്വാധീനം വന്ന കുഞ്ഞുമോൻ പിന്നീട് വീട്ടിൽ എല്ലാ പണികളിലും സജീവമായി. പണിയെടുക്കുമ്പോഴും പത്താം ക്ലാസിൽ 300 മാർക്കോടെ വിജയിക്കുവാൻ കഴിഞ്ഞു. പിന്നീട് വീട്ടിലെ കൃഷിപ്പണികളിലേക്കു തിരിഞ്ഞു . മരത്തിൽ കയറാൻ പോലും കുഞ്ഞുമോനു കഴിഞ്ഞു.

1996 മാർച്ച് 10-ന് ബ്രെയിൻ ട്യൂമറിനെത്തുടർന്ന് കുഞ്ഞുമോൻ മരിച്ചു. കൃഷിപ്പണിക്കൊപ്പം സാമൂഹ്യസേവനത്തിനും കുഞ്ഞുമോൻ സമയം കണ്ടെത്തിയിരുന്നു. കൂടരഞ്ഞി ഹൗസിംഗ് സൊസൈറ്റി പ്രസിഡന്റായി വൻഭൂരിപക്ഷത്തോടെയാണ് വിജയിച്ചത്.

ബ്രെയിൻ ട്യൂമറിനെത്തുടർന്ന് മാന്നാനം ആശ്രമത്തിൽനിന്ന് ചാവറയച്ചന്റെ തിരുശേഷിപ്പ് കുഞ്ഞുമോനു കൊടുത്തയച്ചിരുന്നു. മരിക്കുന്നിടം വരെ ചാവറയച്ചന്റെ നൊവേന മുടങ്ങാതെ കുടുംബത്തിൽ ചൊല്ലുമായിരുന്നു. ഇപ്പോഴും കുടുംബാംഗങ്ങൾ ആ പതിവ് മുടക്കിയിട്ടില്ല.

ഒരിക്കൽ വീട്ടിലെ പശു അസുഖം ബാധിച്ച് ചാവാറായ അവസ്ഥയിൽ തിരുശേഷിപ്പ് വച്ച് കുടുംബാംഗങ്ങൾ പ്രാർഥിച്ചു. ആ സമയം പശു സുഖം പ്രാപിച്ചുവെന്ന് ഭാര്യ എൽസമ്മ ഓർക്കുന്നു.

ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുന്നതിന് മുന്നോടിയായി ഡോക്ടർമാർ 15 തവണ കുഞ്ഞുമോന്റെ കാലുകൾ പരിശോധിച്ചതായി സഹോദരി മേരി പറഞ്ഞു. നിരവധി അച്ചൻമാർ വീട്ടിൽവന്ന് തങ്ങളോട് അനുഭവങ്ങൾ ചോദിച്ചു.

പരിശോധനയിൽ അദ്ഭുതം നടന്നിട്ടുണ്ടെന്ന് ഡോക്ടർമാർക്ക് ബോധ്യമായിയെന്ന് മേരി പറഞ്ഞു. പിന്നീട് കോട്ടയത്തുവച്ചും തെളിവെടുപ്പ് നടത്തി. അദ്ഭുതം നടക്കുമ്പോൾ കുഞ്ഞുമോനോടൊപ്പം മേരി ഇല്ലായിരുന്നു. പുസ്തക കെട്ടുകളുമായി പുറകെ നടന്നുവരുകയായിരുന്നു അവർ. കാലുകൾ നിവർന്നതിനുശേഷമാണ് കുഞ്ഞുമോന്റെ സമീപം എത്താൻ മേരിക്ക് കഴിഞ്ഞത്.

മാർപാപ്പ കോട്ടയത്ത് വന്ന സമയത്ത് പാപ്പായിൽനിന്ന് കുർബാന സ്വീകരിക്കാൻ കുഞ്ഞുമോനും മാതാവ് അന്നക്കുട്ടിക്കും സഹോദരിക്കും കഴിഞ്ഞു.

42-ാമത്തെ വയസിലാണ് കുഞ്ഞുമോൻ മരിച്ചത്. ആകസ്മികമായി ഉണ്ടായ മരണം കുടുംബത്തെ തളർത്തി. മരണം മുന്നിൽ വന്നപ്പോഴും കുടുംബാംഗങ്ങൾക്ക് ധൈര്യം നൽകാൻ കുഞ്ഞുമോൻ മറന്നില്ല. “ആര് കരഞ്ഞാലും നീ കരയരുതെന്ന്” ഭാര്യ എൽസമ്മയോട് പറഞ്ഞിരുന്നു. കുഞ്ഞുമോന്റെ ഓർമകൾ അയവിറക്കി ഈ കുടുംബം ഇപ്പോഴും ചാവറയച്ചന്റെ നൊവേന മുടങ്ങാതെ ചൊല്ലുന്നു.

നഴ്സിംഗ് വിദ്യാർഥിനിയായ ബ്രോണിയ, പ്ലസ്ടു വിദ്യാർഥിനിയായ നീതു എന്നിവരാണ് കുഞ്ഞുമോൻ-എൽസമ്മ ദമ്പതികളുടെ മക്കൾ. തോമസ്, അന്നക്കുട്ടി, മേരി, കുര്യാച്ചൻ, ജോളി, ബെന്നി, മേഴ്സി, ഷെല്ലി, ജോഷി, ജിൻസി എന്നിവരാണ് കുഞ്ഞുമോന്റെ സഹോദരങ്ങൾ.

